## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2499 — 23.01.2014-ൽ മറുപടിക്ക്

### "വിജയദീപം'', '' ഗോത്രസാരഥി '' പദ്ധതികൾ പരാജയപ്പെടാനുള്ള സാഹചര്യം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജെയിംസ് മാത്യു: | | കുമാരി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| (എ) | ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഏർപ്പെടുത്തിയ "വിജയദീപം'', '' ഗോത്രസാരഥി '' പദ്ധതികൾ പരാജയപ്പെടാനുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ ഗോത്രസാരഥി പദ്ധതി പരാജയപ്പെട്ടിട്ടില്ല. ഈ പദ്ധതിയിലൂടെ 16085 കുട്ടികൾക്ക് പ്രയോജനം ലഭിച്ചു. 3 കോടി രൂപ ചിലവിൽ 395 സ്കൂളുകളിൽ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് വിജയദീപം എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നില്ല. |
| (ബി) | പ്രസ്തുത പദ്ധതികൾ പരാജയപ്പെട്ടതിനെതുടർന്ന് വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയത് സർക്കാരിന്റെ പിടിപ്പുകേടു കൊണ്ടാണെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ബാധകമല്ല. |
| (സി) | വയനാട്ടിലെ ഇടിയംവയൽ, ഇ.എം.എസ് കോളനി, വായനാംകുന്ന് കോളനി, കൊയിലേരിക്കുന്ന് കോളനി, പൂതാനം കോളനി എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വയനാട് ജില്ലയിലെ കൊയിലേരിക്കുന്ന് കോളനി, വായനാംകുന്ന് കോളനി എന്നിവ സ്കൂളിനടുത്തായതിനാലും ഇടിയംവയൽ, ഇ.എം.എസ് കോളനി, പൂതാനം കോളനി എന്നിവിടങ്ങളിൽ പൊതു യാത്രാസൗകര്യം ലഭ്യമായതിനാലും നിലവിൽ 'പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടില്ല. തന്മൂലം ടി സ്കൂളുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ